LIBRARY ARCHIVES Kerala Legislative Assembly

40,000 രൂപ സഹായം നൽകുന്നതിനുള്ള വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുന്നത് കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിലാണ്. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികാവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രോജക്ട് ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപ വരെ 60-40 അനുപാതത്തിൽ കേന്ദ്രം-കേരളം സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി.

**മെഡിക്കൽ ഓക്സിജൻ ഉത്പാദകർ**

102(5261) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഓക്സിജൻ ഉത്പാദനരംഗത്തുള്ള കമ്പനികൾ ഏതൊക്കെയാണ്; ഇവയിൽനിന്ന് സംസ്ഥാനത്തിന് പ്രതിദിനം ലഭിക്കുന്ന ഓക്സിജന്റെ അളവ് എത്രയാണ്?

സംസ്ഥാനത്ത് മെഡിക്കൽ ഓക്സിജൻ ഉത്പാദനരംഗത്തുള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.എം.എം.എൽ. പ്രതിദിനം ഉത്പാദിക്കുന്ന ഓക്സിജന്റെ അളവ് എത്രയാണ്; ഇതിൽ കമ്പനിയുടെ ഉപയോഗത്തിന് വേണ്ടിവരുന്ന ഓക്സിജന്റെ അളവ് എത്രയാണ്?

കെ.എം.എം.എൽ പ്രതിദിനം 63 ടൺ വാതക ഓക്സിജനും, 9-10 ടണ്ണോളം ദ്രവീകൃത ഓക്സിജനും ഉത്പാദിപ്പിക്കുന്നു. ഇതിൽ 63 ടണ്ണോളം വാതക ഓക്സിജൻ കമ്പനിയുടെ TiO2 പിഗ്മെന്റ് ഉത്പാദനത്തിനായി ഉപയോഗിക്കുന്നു.

(സി) സംസ്ഥാനത്തെ വിവിധ ആശുപത്രികൾക്കായി എത്ര അളവ് ഓക്സിജൻ വിതരണം ചെയ്യുന്നുണ്ട്; ഏത് നിരക്കിലാണ് ആശുപത്രികൾക്ക് ഓക്സിജൻ നൽകുന്നത്?

ഉത്പാദിപ്പിക്കപ്പെടുന്ന ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും കെ.എം.എം.എൽ PESO അംഗീകൃത ഓക്സിജൻ വിതരണക്കാർവഴി കേരളത്തിലെ ആരോഗ്യ മേഖലയ്ക്ക് നൽകിവരുന്നു. ഒക്ടോബർ, 2020-ൽ പുതിയ ഓക്സിജൻ പ്ലാന്റ് നിലവിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷം നാളിതുവരെ 1600 ടണ്ണിൽ കൂടുതൽ ദ്രവീകൃത ഓക്സിജൻ വിതരണം ചെയ്തു. ഒരു ടൺ ദ്രവീകൃത ഓക്സിജന്റെ നിലവിലെ വില 10,000 രൂപയാണ്.

(ഡി) സംസ്ഥാനത്ത് ഓക്സിജൻ ക്ഷാമം അനുഭവപ്പെടാതിരിക്കാൻ പൊതുമേഖലാസ്ഥാപനം എന്ന നിലയിൽ സംസ്ഥാന സർക്കാരിനെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കെ.എം.എം.എൽ-ന് കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിനായി കെ.എം.എം.എൽ സ്വീകരിച്ചിരിക്കുന്ന ആക്ഷൻ പ്ലാൻ താഴെപ്പറയും പ്രകാരമാണ്

1. കമ്പനിയുടെ 70 ടി.പി.ഡി ഓക്സിജൻ പ്ലാന്റിൽനിന്നുള്ള ദ്രവീകൃത ഓക്സിജൻ ഉത്പാദനശേഷി പ്രതിദിനം 7 ടണ്ണിൽനിന്നും 9-10 ടണ്ണാക്കി ഉയർത്തി.

2. ദിനംപ്രതി ഉത്പാദിപ്പിക്കപ്പെടുന്ന ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും കേരളത്തിലെ ആരോഗ്യമേഖലയിലേയ്ക്ക് വിതരണം ചെയ്യുന്നു.

3. 854 കിടക്കകളുള്ള കോവിഡ് ദ്വിതീയ ചികിത്സാ കേന്ദ്രം കെ.എം.എം.എൽ-ൽനിന്നുള്ള വാതക ഓക്സിജൻ സൗകര്യത്തോടുകൂടി കമ്പനിയുടെ സമീപമുള്ള ശങ്കരമംഗലം ഗവ. സ്കൂളിൽ സജ്ജീകരിച്ച് NHRM-ന് പ്രവർത്തനത്തിനായി കൈമാറി.

4. ദിനംപ്രതി 300 വാതക ഓക്സിജൻ സിലിണ്ടർ നിറയ്ക്കുവാൻ (7M3 * 300 എണ്ണം) ശേഷിയുള്ള ഒരു പുതിയ ഫില്ലിംഗ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

**കെ.എസ്.ഡി.പി. പദ്ധതി**

103(5262) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം രോഗികൾ ഉപയോഗിക്കുന്ന മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അവയവമാറ്റ ശാസ്ത്രക്രിയയ്ക്ക് വിധേയമായവർക്കുള്ള മരുന്നുകൾ മനുഷ്യരിൽ Bioequivalence Study നടത്തിയതിനുശേഷം മാത്രമേ നിർമ്മാണ വിതരണത്തിനുള്ള ലൈസൻസ് ലഭിക്കുകയുള്ളൂ. Bioequivalence Study-യ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.